പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1607 — 13.06.2014 ൽ മറുപടിയ്ക്ക്

'കില'- യെ കൽപ്പിത സർവ്വകലാശാലയാക്കി മാറ്റാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പ് മന്ത്രി) |
| എ) 'കില'-യെ കൽപ്പിത സർവ്വകലാശാലയാക്കി മാറ്റുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | എ) ബഹു. കേരളാ ഗവർണറുടെ 2013–ലെ നയപ്രഖ്യാപനത്തിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനെ ദേശീയ പ്രാധാന്യമുള്ള കല്പിത സർവ്വകലാശാലയാക്കി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 21.08.2013–ലെ സ.ഉ. (എം.എസ്)നം.286/2013/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കിലയെ കൽപ്പിത സർവ്വകലാശാലയായി ഉയർത്തി ഉത്തരവായിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) 'കില' കൽപ്പിത സർവ്വകലാശാലയാക്കുന്നതുമൂലം താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>• അധികാരവികേന്ദ്രീകരണത്തിലും വികേന്ദ്രീകൃതാസൂത്രണത്തിലും ആഴത്തിലുള്ള പഠനങ്ങൾ നടത്തുക<br>• അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് അക്കാദമിക് കോഴ്സുകൾ ആരംഭിക്കുക.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനവും മറ്റു പരിപാടികളും മെച്ചപ്പെട്ട രീതിയിൽ നടത്തുക. |

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും കാര്യക്ഷമമായ പ്രവർത്തനത്തിനും ഇത് എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നത് ; വിശദമാക്കുമോ;

(സി) 'കില' കൽപ്പിത സർവ്വകലാശാലയാകുന്ന അവസരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും പ്രാദേശിക ഭരണത്തെകുറിച്ച് കൂടുതൽ പഠിക്കാൻ അവസരമുണ്ടാകുകയും തന്മൂലം അധികാര വികേന്ദ്രീകരണത്തെ കൂടുതൽ ശക്തമാക്കുവാൻ കഴിയുകയും ചെയ്യുന്നതാണ്. എം.എ, എം.ഫിൽ, പി.എച്ച്.ഡി. എന്നീ പ്രോഗ്രാമുകളാണ് 'കില' കല്പിത സർവ്വകലാശാലയിൽ വിഭാവനം ചെയ്തിരിക്കുന്നത്. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ജീവനക്കാർക്ക് നിശ്ചിത ശതമാനം സീറ്റ് നീക്കിവെയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

(ഡി) ഇതിനുവേണ്ടി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ അപേക്ഷ നൽകിയിട്ടുണ്ട്. കൂടാതെ സർവ്വകലാശാലയായി വികസിപ്പിക്കുന്ന ആവശ്യത്തിനായി ഭൂമി ആർജ്ജിക്കുന്ന നടപടികൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ